# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1294</u>      <u>30.09.2011-ൽ മറുപടിയ്ക്ക്</u>

<u>ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ നിയമനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ വിജയൻ | ശ്രീ. കെ. സി. ജോസഫ്<br>ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി |
| (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്റ്റിൽ പറയുന്ന ബ്ലോക്ക്തല നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (ബി.പി.ഒ) തസ്തികയിൽ കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും നിലവിൽ നിയമനം നടത്തിയിട്ടുണ്ടോ; | (എ) ഇല്ല. ഒന്നാം ഘട്ടത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ച വയനാട്, പാലക്കാട് ജില്ലകളിലെ 16 ബ്ലോക്കുകളിൽ നിയമനം നടത്തിയിട്ടുണ്ട്. മറ്റ് ബ്ലോക്കുപഞ്ചായത്തുകളിൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാർക്ക് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. . |
| (ബി) ഇല്ല എങ്കിൽ ഗ്രാമവികസനവകുപ്പിലെ ജോയിന്റ് ബി. ഡി. ഒ. മാരിൽ നിന്നും പ്രമോഷൻ നൽകി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ഈ കാര്യം വിശദമായി പരിശോധിച്ച് മാത്രമേ പറയാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ